# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി)
# സംസ്ഥാന പ്രവർത്തക സമിതി യോഗം SWC 06/2020
# 19.07.2020 ഗൂഗിൾ മീറ്റ്

**മിനിട്സ്**

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാ റിപ്പോർട്ടിങ്
4. പ്രിൻസിപ്പൽ നിയമനം
5. പൊതുസ്ഥലംമാറ്റം
6. മെമ്പർഷിപ്പ്/ യൂണിറ്റ് വിസിറ്റ്
7. സംഘശബ്ദം
8. വനിതാ സബ്കമ്മിറ്റി
9. മറ്റ് കാര്യങ്ങൾ

രാവിലെ 10 മണിക്ക് ഓൺലൈൻവഴി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എം. സത്യൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. ഗീത നമ്പിയാർ എം. കെ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**ഹാജർ**

ഡോ. എം. സത്യൻ, ഡോ. എൻ. മനോജ്, ഡോ. ഗീത നമ്പിയാർ എം. കെ., ഡോ. കെ. കെ. ദാമോദരൻ, ഡോ. രാജഷ്കുമാർ പി., ഡോ. ഇമ്പിച്ചിക്കോയ കൗട്യമാക്കനകം, ഡോ. വിനു ഭാസ്ക്കർ, സന്തോഷ് ടി. വർഗീസ്, ഡോ. മുഹമ്മദ് റഫീഖ്, ഡോ. പ്രിൻസ് പി. ആർ., ഡോ. സുനിൽ വി. ടി., ഡോ. മാണിക്യരാജ്, സൗമ്യ എസ്, ഡോ. ഷജില ബീവി, ഡോ. അലിക്കുട്ടി സി., ഡോ. ഷാനവാസ് പി. എച്ച്, ശശി സി. ടി., സജിത്ത് കുമാർ പി., ഡോ. പ്രമോദ് സി., സോബിൻ വർഗീസ്, രഘുദാസ് പി. വി., ഡോ. സഞ്ചയ്കുമാർ എസ്. എച്., ഡോ. ബാലസുബ്രഹ്മണ്യൻ, ഡോ. ജോജോമോൻ എൻ.എ., ഡോ. എം. എസ്. മുരളി, രഞ്ജിത് മോഹൻ, ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, സന്തോഷ് കുമാർ എസ്., ഡോ. എ. ബാലകൃഷ്ണൻ, ഡോ. ഗ്രേഷ്യസ് ജെ., ഡോ. വിഷ്ണു വി.എസ്., ഡോ. റോസ്നികസ് പി. കെ., ഡോ. എം. എ. അസ്കർ, ഡോ. സുമിജോയി ഒലിയപ്പുറം, ജയരാജ് ജെ., ഡോ. റിജുലാൽ ജി., ഡോ. രാജു. എം. സി, ഡോ. സെനോ ജോസ്, ഡോ. ബേബി ഷീബ

**അനുശോചനം**

ഹിന്ദി നടൻ സുശാന്ത് സിംഗ് രാജ്പുത്ത്, മലയാള സംവിധായകൻ സച്ചി, സാമ്പത്തിക ശാസ്ത്രജ്ഞൻ ബി.പി.ആർ. വിത്തൽ, തെന്നിന്ത്യൻ സിനിമാ നടി ഉഷാ റാണി, സംഗീതജ്ഞൻ പാപ്പുക്കുട്ടി ഭാഗവതർ, കൊറിയോഗ്രാഫർ സരോജ് ഖാൻ, സ്വാതന്ത്ര്യസമര സേനാനിയും കമ്മ്യൂണിസ്റ്റ് സഹയാത്രികനുമായ സി. രൈരു നായർ, കവിയും, ഗാനരചയിതാവും, കമ്മ്യൂണിസ്റ്റ് സഹയാത്രികനുമായ പെരുമ്പുഴ

ഗോപാലകൃഷ്ണൻ, നോവലിസ്റ്റ് സുധാകർ മംഗളോദയം, കോൺഗ്രസ് നേതാവ് കെ. സുരേന്ദ്രൻ, അമേരിക്കയിലെ കറുത്ത വർഗ്ഗക്കാരുടെ വോട്ടവകാശത്തിന് വേണ്ടി പ്രവർത്തിച്ച ജോൺ ലൂയിസ്, കോവിഡ് മഹാമാരിയിൽ അകപ്പെട്ട് നമ്മെ വിട്ടു പിരിഞ്ഞ അനേകായിരം മനുഷ്യർ, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

പ്രിൻസിപ്പൽനിയമനവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതിഗതികൾ ജനറൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തു. സംഘടനയുടെ നിലപാട് DPC കൂടി സീനിയോറിറ്റി അനുസരിച്ചു മുൻകാലങ്ങളിലെപ്പോലെ പ്രിൻസിപ്പൽനിയമനം നടത്തണ മെന്നാണ്. ഇതിനു വേണ്ട സംഘടനാപരമായ ഇടപെടൽ നടന്നു വരുന്നു.

പി.ജി.വെയിറ്റേജ്, വർക്ക് ലോഡ് എന്നിവ സംബന്ധിച്ചു ഉത്തരവുകൾ തിരക്കിട്ടു ഇറക്കിയത് അനുചിതമാണെന്നും അത് പിൻവലിക്കണെമെന്നുമാണ് സംഘടനയുടെ നിലപാട്. പി.ജി.യ്ക്ക് ഒരു മണിക്കൂർ സമം ഒന്നര മണിക്കൂർ എന്നതും സിംഗിൾ ഫാക്കൽറ്റി അദ്ധ്യാപകർക്ക് മിനിമം മണിക്കൂറുകൾ നിർബന്ധമാക്കരുതെന്നും 01-04-2020ലെ ഉത്തരവ് പിൻവലിക്കണം എന്നതാണ് സംഘടനാ നിലപാട്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി കത്ത് നൽകിയപ്പോൾ 01-06-2020 വരെ നിയമനം ലഭിച്ച തസ്തികകളിലുള്ള അദ്ധ്യാപകരെ ബാധിക്കില്ല എന്ന് ഉറപ്പു ലഭിച്ചിട്ടുണ്ട്. സിംഗിൾ ഫാക്കൽറ്റി അദ്ധ്യാപകരുടെ കാര്യവും പരിഗണിക്കാമെന്ന് മന്ത്രിയുമായി നടന്ന ചർച്ചയിൽ പറഞ്ഞിട്ടുണ്ട്. ഇത് സംബന്ധിച്ച ഉത്തരവ് വൈകാതെ പുറത്തിറങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കോളേജ് വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ 12-07-2020നു വർക്ക്ലോഡ് സംബന്ധിച്ചു സത്യവാങ്മൂലം ചോദിച്ചിരുന്നു. ഇതിൽ സംഘടന ഒരു കത്ത് ഡ്രാഫ്റ്റ് ചെയ്തു അംഗങ്ങൾക്ക് നൽകി. ഇതിനു മുൻപ് 02-07-2020നു തന്നെ ഇത്തരമൊരു സത്യവാങ്മൂലം ചോദിക്കുന്നതിന്റെ സാങ്കേതികപരമായ പിഴവ് ചൂണ്ടി കാണിച്ചുകൊണ്ട് ഡയറക്ടർക്ക് കത്ത് നൽകുകയും ശക്തമായി ഇടപെടുകയും ചെയ്തിട്ടുണ്ട്.

എ.കെ.ജി.സി.ടി. അക്കാദമിക് കമ്മിറ്റിയുടെ നേതൃത്വത്തിൽ പത്ത് ദിവസത്തെ ലേണിങ് മാനേജ്മെൻറ് സിസ്റ്റം പരിശീലനപരിപാടി (LMS4all) സംഘടിപ്പിച്ചു. ജൂലൈ ഒന്നാം തീയതി കോളേജ് വിദ്യാഭ്യാസഡയറക്ടർ ശ്രീമതി വിഘ്നേശ്വരി IAS ആയിരുന്നു ഈ പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തത്. പരിശീലനപരിപാടിയിൽ ആയിരത്തി അഞ്ഞൂറിന് മുകളിൽ അദ്ധ്യാപകർ റജിസ്റ്റർ ചെയ്തിരുന്നു. സമാപന മീറ്റിങ് കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ മെമ്പറും നമ്മുടെ സംഘടനയുടെ മുൻ പ്രസിഡന്റും, ജനറൽ സെക്രട്ടറിയുമായിരുന്ന ഡോ. കെ.കെ. ദാമോദരൻമാഷാണ് ഉദ്ഘാടനം ചെയ്തത്. അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ. വിഷ്ണുവിന്റെ നേതൃത്വത്തിൽ നടന്ന ഈ പരിശീലനപരിപാടിക്ക് വേണ്ട സാങ്കേതിക സഹായം നൽകിയത് പട്ടാമ്പി SNGS കോളേജിലെ നമ്മുടെ സംസ്ഥാന കമ്മിറ്റി അംഗം കൂടിയായ അലിക്കുട്ടിയുടെ നേതൃത്വത്തിലുള്ള അധ്യാപകരാണ്. ഇവർ നല്കിയ മികച്ച പിന്തുണയ്ക്ക് സംസ്ഥാനപ്രവർത്തകസമിതിയുടെ പേരിലുള്ള നന്ദി

രേഖപ്പെടുത്തുന്നു. പങ്കെടുത്ത മുഴുവൻ അദ്ധ്യാപകരെയും, ഇതിന് വേണ്ട എല്ലാവിധ പിന്തുണയും നൽകിയ സംസ്ഥാനപ്രവർത്തകസമിതി അംഗങ്ങളെയും, ജില്ലാ-യൂണിറ്റ് സെക്രട്ടറിമാരെയും അഭിവാദ്യം ചെയ്യുന്നു.

കോൺട്രിബ്യൂട്ടറി പെൻഷൻ റിവ്യൂ കമ്മറ്റിയുടെ യോഗം 2020 ജൂലായ് ഒന്നാം തീയതി ചേർന്നിരുന്നു. ഇതിൽ സംഘടന പങ്കെടുക്കുകയും സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംവിധാനം പുനഃസ്ഥാപിക്കണമെന്ന സംഘടനയുടെ നിലപാട് അറിയിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി സംഘടന സംസ്ഥാനത്തു NPSൽ ഉൾപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെ ഒരു കണക്കു എടുക്കുകയും, 651 അദ്ധ്യാപകർ നമ്മുടെ മേഖലയിൽ ഉണ്ടെന്നു കമ്മീഷനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ജനറൽ ട്രാൻസ്ഫർ സംബന്ധിച്ചു സംഘടനയുടെ നിലപാട് രണ്ടു തവണ ഹോംസ്റ്റേഷൻ മാറ്റാം എന്ന സൗകര്യം പുനഃസ്ഥാപിച്ചു കിട്ടണമെന്നുള്ളതായിരുന്നു. മാസങ്ങൾ നീണ്ട ഇടപെടലിന്റെ ഭാഗമായി 24-06-2020 നു നമ്മൾ ഉന്നയിച്ച ആവശ്യം അംഗീകരിച്ചുകൊണ്ട് ഉത്തരവിറങ്ങുകയും അതിനെ തുടർന്ന് 23 ഓളം തസ്തികകളുടെ ഡ്രാഫ്റ്റ് ട്രാൻസ്ഫർ ഓർഡർ ഇറങ്ങുകയും ചെയ്തു. എന്നാൽ കോവിഡിന്റെ വ്യാപനത്തെത്തുടർന്നു തിരുവനന്തപുരത്തു ലോക്ക് ഡൗൺ നിലനിൽക്കുന്നതിനാൽ വികാസ്ഭവൻ ഉൾപ്പെടെ പ്രവർത്തനരഹിതമാണ്. ലോക്ക് ഡൗൺ പിൻവലിക്കുന്ന മുറയ്ക്കായിരിക്കും ഇനി ട്രാൻസ്ഫർ ഓർഡർ ഇറങ്ങുക. അതിൽ ട്രാൻസ്ഫർ നോംസ് ലംഘിക്കപ്പെടുന്ന കേസുകളിൽ സംഘടന ഇടപെടും. നാളിതുവരെ സംഘടനക്ക് ഇമെയിൽ വഴി ലഭിച്ച എല്ലാ പരാതികളും ക്രോഡീകരിച്ചു ഇടപെടുന്നതിനായി വച്ചിട്ടുണ്ട്.

പ്ലേസ്മെന്റ് അരിയർ ലഭിച്ച അംഗങ്ങളിൽ നിന്നും അരിയറിന്റെ അഞ്ചു ശതമാനം ജില്ലാ തലത്തിൽ സംഘടനാപരമായി ഇടപെട്ടു സമാഹരിക്കുന്നതിനുള്ള ഇടപെടൽ നടത്തേണ്ടതുണ്ട്. 2018 ജൂലൈ 18 മുതൽ ഉള്ള പ്ലേസ്മെന്റ് അപേക്ഷകൾ ക്ഷണിക്കാനുള്ള നടപടികൾ ലോക്ക് ഡൗണിനു ശേഷം പുനരാരംഭിക്കുന്നതാണ്. അതുപോലെ 7th പേയുടെ ഓപ്ഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ എ.ജി.യിൽ ഇടപെടും. ഇതിനൊക്കെ താമസം നേരിടുന്നതിന് കാരണം ഇപ്പോഴത്തെ സാമൂഹിക സാഹചര്യമാണെന്നും ജനറൽ സെക്രട്ടറി ഓർമിപ്പിച്ചു.

വനിതാ സബ്കമ്മിറ്റിയുടെ മേഖല കൺവീനർമാരെ തീരുമാനിക്കേണ്ടതുണ്ട്. അതുപോലെ സംഘശബ്ദം എഡിറ്റോറിയൽ ബോർഡ് രൂപീകരിക്കണം. യൂണിറ്റ് വിസിറ്റ് കാര്യങ്ങൾക്കു ചുമതല നൽകേണ്ടതുണ്ട്. യൂണിറ്റ് വിസിറ്റ് എങ്ങിനെ നടത്തണം എന്ന് തീരുമാനിക്കേണ്ടതുണ്ട്. സംസ്ഥാന സമ്മേളനത്തിനു ശേഷം സംഘശബ്ദം ഇറങ്ങിയിട്ടില്ല. ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കേണ്ടതുണ്ട്. അത്തരം കാര്യങ്ങളിൽ ചർച്ച നടക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് റിപ്പോർട്ട് അവസാനിപ്പിച്ചു.

തുടർന്ന് ജില്ലാ റിപ്പോർട്ടിങ്ങും, ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിന് മേലുള്ള ചർച്ചയും, അജണ്ടകളിൻ മേലുള്ള വിശദമായ ചർച്ചയും നടന്നു. ഇതിനു ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. പ്രിൻസിപ്പൽനിയമനം, പി.ജി. വർക് ലോഡ് സംബന്ധിച്ച വിഷയങ്ങളിൽ സംഘടന തുടർന്നും വേണ്ട ഇടപെടലുകൾ നടത്താൻ തീരുമാനിച്ചു.

2. അദ്ധ്യാപകരിൽ നിന്നും അനാവശ്യമായ സത്യവാങ്മൂലം ആവശ്യപ്പെടുക, അദ്ധ്യാപക വിരുദ്ധമായ ഉത്തരവുകളിറക്കുക എന്നിവയ്ക്കെതിരെ ശക്തമായി ഇടപെടാൻ തീരുമാനിച്ചു.
3. യൂണിറ്റ് വിസിറ്റുകൾ ഓൺലൈൻ ആയി ഓണം അവധിക്കു മുൻപു സമയബന്ധിതമായി നടത്താൻ തീരുമാനിച്ചു. വിസിറ്റിനുള്ള ജില്ല തിരിച്ചുള്ള ചുമതലകൾ നൽകി.
   തിരുവനന്തപുരം - ഡോ. എൻ. മനോജ്, ഡോ.ചന്ദ്രമോഹൻ കെ.ടി.
   കൊല്ലം - ഡോ. എം.കെ. ഗീത നമ്പിയാർ, സന്തോഷ്. ടി. വർഗീസ്
   കോട്ടയം - ഡോ. എം. സത്യൻ, ഡോ. മുഹമ്മദ് റഫീഖ്
   എറണാകുളം - ഡോ. എം. സത്യൻ, ഡോ. ഇമ്പിച്ചിക്കോയ കൗട്യമാക്കനകം
   ഇടുക്കി - ഡോ. ഇമ്പിച്ചിക്കോയ കൗട്യമാക്കനകം, ഡോ. വിനു ഭാസ്ക്കർ
   തൃശൂർ - ഡോ. കെ. കെ. ദാമോദരൻ,
   മലപ്പുറം - ഡോ. കെ. കെ. ദാമോദരൻ, ഡോ. രാജഷ്കുമാർ പി.
   പാലക്കാട് - ഡോ. എം. സത്യൻ, ഡോ. രാജഷ്കുമാർ പി.
   കോഴിക്കോട് - ഡോ. എൻ. മനോജ്, ഡോ. എം.കെ. ഗീത നമ്പിയാർ
   കണ്ണൂർ - ഡോ. മുഹമ്മദ് റഫീഖ്, ഡോ. വിനു ഭാസ്ക്കർ
   വയനാട് - സന്തോഷ്. ടി. വർഗീസ്, ഡോ. ചന്ദ്രമോഹൻ കെ.ടി.
   കാസറഗോഡ് - ഡോ. എൻ. മനോജ്, ഡോ. ഇമ്പിച്ചിക്കോയ കൗട്യമാക്കനകം
4. പ്ലേസ്മെന്റ് അരിയർ ലഭിച്ച അംഗങ്ങളിൽ നിന്നും അരിയറിന്റെ 5% സംഘടനാപരമായി ഇടപെട്ടു സമാഹരിക്കുന്നതിനുള്ള ഇടപെടൽ നടത്താൻ തീരുമാനിച്ചു
5. സംഘശബ്ദം എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ചു.
   ചീഫ് എഡിറ്റർ: ഡോ. എൻ. മനോജ്; എഡിറ്റർ: ഡോ.എം. എ. അസ്കർ
   മാനേജിങ് എഡിറ്റർ: സന്തോഷ് കുമാർ ജി.
   അംഗങ്ങൾ: ഡോ. എം. സത്യൻ, ഡോ. എസ്. ജോസഫ് ഡോ. എസ്.എസ്. വിവേകാന്ദൻ, ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. സുനിൽ വി.ടി., ഡോ. ബി. അശോക്, ഡോ. കെ. റഹിം., സൗമ്യ എസ്. ഡാലിയ എസ്, ആർ. ഡോ. സുരേഷ്കുമാർ, ഡോ. ഹിമ എസ്. മധു, ഡോ. പ്രിൻസ് പി. ആർ.
6. സംഘശബ്ദം സമ്മേളന പതിപ്പ് എത്രയും വേഗം ഇറക്കാൻ തീരുമാനിച്ചു. പ്രിൻറ്റഡ് കോപ്പിയുടെ എണ്ണം പരമാവധി കുറച്ചു ബാക്കി ഓൺലൈൻ ആയി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു.
7. വനിതാ സബ്കമ്മിറ്റിയുടെ മേഖല കൺവീനർമാരായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു. കേരള സർവകലാശാല - ഡോ. ബിന്ദു വെൽസാർ, എം. ജി. സർവകലാശാല - ഡോ. രേഖ കരീം, കാലിക്കറ്റ് സർവകലാശാല - സോണിയ ഇ. പ., കണ്ണൂർ സർവകലാശാല - വിദ്യ കെ.
8. അക്കാദമിക് കമ്മിറ്റി അംഗങ്ങൾ:
   തിരുവനന്തപുരം - ഡോ. കെ. റഹിം; കൊല്ലം - ഡോ. വിഷ്ണു നമ്പൂതിരി
   കോട്ടയം - ഡോ.ലക്ഷ്മി ആർ. നായർ; ഇടുക്കി - ഡോ.ബെറ്റ്സി എം.
   എറണാകുളം - ഡോ. ശിവകുമാർ സി.; തൃശൂർ - ഡോ.മുഹമ്മദ് ബഷീർ
   മലപ്പുറം - ഡോ. പ്രജിത് ചന്ദ്രൻ; പാലക്കാട് - ഡോ. റിച്ചാർഡ് സ്കറിയ
   കോഴിക്കോട് - ഡോ. ആനന്ദ് ടി. എ.; വയനാട് - ശരത് എസ്;

കണ്ണൂർ - ഡോ. എം. ലിനീഷ്;        കാസറഗോഡ് - അനൂപ് കുമാർ എം.

9. മെമ്പർഷിപ്പ് ഫോമുകൾ 12 ജില്ലാ സെക്രട്ടറിമാരുടെ പേരിൽ അയക്കാൻ തീരുമാനിച്ചു. ജില്ലാ സെക്രട്ടറിമാർ അവ അതാതു യൂണിറ്റ് സെക്രട്ടറിമാർക്ക് എത്തിക്കാനും തീരുമാനിച്ചു.
10. കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കോളേജുകളിൽ പരിമിതിക്കുള്ളിൽനിന്ന് പരമാവധിസീറ്റുകൾ വർധിപ്പിച്ച് കുട്ടികൾക്ക് പഠിക്കാനുള്ള അവസരമുണ്ടാക്കാനായി വേണ്ട ശ്രമങ്ങൾ നടത്താൻ തീരുമാനിച്ചു.
11. കോവിഡ് കാലത്തെ പ്രവേശനം, പഠനം, പരീക്ഷാനടത്തിപ്പ്, മറ്റു അനുബന്ധ വിഷയങ്ങൾ എന്നിവയെക്കുറിച്ച് പഠനം നടത്തി അടിയന്തിരമായി റിപ്പോർട്ട് നൽകുന്നതിന് വേണ്ടി ACSR അക്കാദമിക് ഡയറക്ടർ ഡോ.ഗ്രേഷ്യസ് ജെ. കൺവീനർ ആയ ആറംഗ കമ്മിറ്റി രൂപികരിച്ചു. അംഗങ്ങൾ: സന്തോഷ്. ടി. വർഗീസ്, ഡോ. വിഷ്ണു വി.എസ്., ഡോ. ഷാനവാസ് പി. എച്ച്., ഡോ. ഇമ്പിച്ചിക്കോയ കൗട്യമാക്കനകം, ഡോ.പ്രിൻസ് പി. ആർ., ഡോ. സെനോ ജോസ്. ജൂലായ് 24നു ഡ്രാഫ്റ്റ് റിപ്പോർട്ട് സമർപ്പിക്കണമെന്ന് തീരുമാനിച്ചു.
12. ഇടുക്കി ജില്ലയിലെ എഞ്ചിനീറിങ് കോളേജ്, പോളിടെക്നിക് ഉൾപ്പെടെ ഉള്ള സ്ഥാപങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കും, നിലമ്പുർ കോളേജിലെ അദ്ധ്യാപകർക്കും 1.5 ട്രാൻസ്ഫർ വെയിറ്റേജ് നേടിയെടുക്കാൻ വേണ്ട ഇടപെടൽ നടത്താൻ തീരുമാനിച്ചു.
13. മ്യൂസിക് കോളേജിൽ അദ്ധ്യാപകർ വർഷങ്ങളായി നേരിടുന്ന നിരവധി പ്രശ്നങ്ങൾ ഉണ്ട്. ഇതിൽ സംഘടന ക്രിയാത്മകമായി ഇടപെടാൻ തീരുമാനിച്ചു.
14. മുടങ്ങി കിടക്കുന്ന പി.എച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ് പ്രശ്നത്തിൽ വേണ്ട ഇടപെടൽ നടത്താൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 1.30നു അവസാനിച്ചു

അഭിവാദ്യങ്ങളോടെ

ഡോ. എൻ. മനോജ്

ജനറൽ സെക്രട്ടറി

19.07.2020